പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 322** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ പോലീസ് എയ്ഡ്പോസ്റ്റ് അനുവദിക്കുന്നതിനുള്ള നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ആശുപത്രികൾക്കും, ആശുപത്രി ജീവനക്കാർക്കുമെതിരെ നടക്കുന്ന അക്രമസംഭവങ്ങൾ തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ആശുപത്രി ജീവനക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി അത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ 'കേരള ഹെൽത്ത് കെയർ സർവ്വീസ് പേഴ്സൺസ് ആൻഡ് ഹെൽത്ത് കെയർ സർവ്വീസ് ഇൻസ്റ്റിറ്റ്യൂഷൻസ് (പ്രിവൻഷൻ ഓഫ് വയലൻസ് ആൻഡ് ഡാമേജ് ടു പ്രോപ്പർട്ടി) ഭേദഗതി നിയമം' പ്രകാരവും BNS-ലെ മറ്റു വകുപ്പുകൾ പ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയും പ്രധാന ആശുപത്രികളിൽ എയ്ഡ് പോസ്റ്റുകൾ സ്ഥാപിച്ചും നടപടികൾ സ്വീകരിച്ചു വരുന്നു. ലഹരിക്ക് അടിമപ്പെട്ടവരെയോ മാനസിക അസ്വസ്ഥത പ്രകടിപ്പിക്കുന്നവരെയോ പരിശോധനയ്ക്ക് കൊണ്ടു പോകുമ്പോൾ കൂടുതൽ പോലീസുകാരെ സുരക്ഷയ്ക്കായി നിയോഗിക്കുന്നു. കൂടാതെ സ്പെഷ്യൽ ബ്രാഞ്ച് ഫീൽഡ് ഓഫീസർമാരുടെ സേവനവും ആശുപത്രി ജീവനക്കാരുടെ സുരക്ഷയ്ക്കായി ഉപയോഗിച്ചു വരുന്നു.

സംസ്ഥാനത്തെ ആശുപത്രികൾക്കും, ആശുപത്രികളിലെ ജീവനക്കാർക്കുമെതിരെ നടക്കുന്ന അക്രമ സംഭവങ്ങൾ തടയുന്നതിന് ആരോഗ്യ വകുപ്പിൽ 224 സ്ഥിരം ഡെപ്യൂട്ടേഷൻ തസ്തികകൾ സൃഷ്ടിക്കാനായി നടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** കൂത്തുപറമ്പിൽ പുതുതായി പ്രവർത്തനം ആരംഭിച്ച 12 നിലകളുള്ള താലൂക്ക് ആശുപത്രി കെട്ടിടത്തിൽ അടിക്കടിയുണ്ടാകുന്ന സാമൂഹ്യ വിരുദ്ധ അക്രമണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ആയവ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെ എന്നും വിശദമാക്കാമോ;

**<u>മറുപടി:</u>** സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആശുപത്രി പരിസരത്തും കാഷ്വാലിറ്റി പരിസരത്തും യൂണിഫോമിലും മഫ്തിയിലും പോലീസിനെയും ഹോം ഗാർഡിനെയും നിയോഗിച്ചു വരുന്നുണ്ട്. കൂടാതെ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് സേനാംഗങ്ങൾ ആശുപത്രി പരിസരങ്ങളിൽ നിരീക്ഷണം നടത്തി വരുന്നുണ്ട്. രാത്രി കാലങ്ങളിൽ ആശുപത്രി പരിസരങ്ങളിൽ നൈറ്റ് പട്രോളിംഗ് നടത്തുന്നുണ്ട്. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ പോലീസിന്റെ ഭാഗത്തുനിന്നും ശക്തമായ സുരക്ഷ ഉറപ്പു വരുത്തുകയും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ

ഏർപ്പെടുന്നവർക്കെതിരെ നിലവിലുള്ള നിയമങ്ങൾ പ്രകാരം കർശന നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

**(സി)** കാഷ്വാലിറ്റിയിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ഗർഭിണിയായ ഡോക്ടറെ ഒരു സംഘം ആക്രമിച്ച് നിലത്ത് തള്ളിയിട്ടതും ബൈസ്റ്റാൻഡർ അസഭ്യം പറഞ്ഞതിനെ തുടർന്ന് വനിതാ ഫാർമസിസ്റ്റിന് ദേഹാസ്വാസ്ഥ്യം ഉണ്ടായതും സംബന്ധിച്ച് പരാതി ഉയർന്ന സാഹചര്യത്തിൽ ആശുപത്രിക്ക് മതിയായ സുരക്ഷ ഉറപ്പാക്കുന്നതിന് പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം സർക്കാർ പ്രത്യേകം പരിഗണിക്കുമോ; വിശദമാക്കാമോ?

**മറുപടി:** നിലവിൽ ആശുപത്രിയിലും പരിസര പ്രദേശങ്ങളിലും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് പോലീസ് പെട്രോളിംഗ് നടത്തി വരുന്നുണ്ട്. കൂത്തുപറമ്പ് ഗവ. താലൂക്ക് ആശുപത്രിയിൽ എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്ന തിനുള്ള പ്രൊപ്പോസൽ ഒന്നും നിലവിൽ പരിഗണനയിൽ ഇല്ല.

**സെക്ഷൻ ഓഫീസർ**